കയുമില്ല. രണ്ട് കുട്ടികൾ മലബാർ ഭാഷയിൽ പറഞ്ഞ കാര്യങ്ങൾ മലയാള മനോരമ പത്രത്തിലൂടെ വരികയുണ്ടായി. പിഞ്ചു കുഞ്ഞുങ്ങളുടെ മുന്നിലിട്ടാണ് അദ്ധ്യാപകനെ വെട്ടിനുറുക്കിയത്. കൊല്ലപ്പെട്ട വ്യക്തി ബി.ജെ.പി.ക്കാരനോ മാർക്സിസ്റ്റുകാരനോ എന്നുള്ളതല്ല പ്രശ്നം. അവിടെ കർഫ്യൂ പ്രഖ്യാപിച്ചില്ലെങ്കിലും കർഫ്യൂവിന്റെ രീതിയിലുള്ള നടപടിയിലേയ്ക്ക് പോയി. കണ്ണൂരിലെ കൊലപാതകം അവസാനിപ്പിക്കേണ്ട കാലഘട്ടം അതിക്രമിച്ചിരിക്കുന്നു. അതുകൊണ്ടുതന്നെയാണ് ക്രിയാത്മകമായി പറയുന്ന കാര്യങ്ങൾ കേൾക്കണമെന്ന് പറയുന്നത്. കേരളത്തിലെ പോലീസ് സേനയെ സംബന്ധിച്ച് പറയുകയാണെങ്കിൽ നല്ല പിടിപ്പുള്ള ഉദ്യോഗസ്ഥൻമാർ ഉണ്ട്. അവർക്ക് സ്വാതന്ത്ര്യത്തോടുകൂടി പ്രവർത്തിക്കാനുള്ള അനുവാദം കൊടുത്താൽ അവിടെ സമാധാനം ഉണ്ടാകും. എന്നോട് ഒരു നേതാവ് സ്റ്റീൽ ബോംബ് എന്താണെന്ന് വിവരിച്ചു പറയുകയുണ്ടായി. ഞാൻ അതിശയപ്പെട്ടുപോയി. അങ്ങ് തിരുവനന്തപുരം ജില്ലക്കാരനും ഞാൻ എറണാകുളം ജില്ലക്കാരനുമാണ്. നമ്മുടെ നാട്ടിൽ രാഷ്ട്രീയക്കാർ സ്റ്റീൽ ബോംബ് ഉണ്ടാക്കുന്നതും മറ്റും ആരും കേട്ടിട്ടില്ല. ഇത്രയും കാലത്തെ പ്രവർത്തനത്തിനിടയിൽ ബോംബ് ഉണ്ടാക്കാൻ ആരും ഉപദേശിച്ചിട്ടുമില്ല. കണ്ണൂരിൽ ബോംബ് ഉണ്ടാക്കുന്നത് ഒരു ഹോബിയാണ്. സി.പി.ഐ.(എം)-കാരും ബി.ജെ.പി.ക്കാരും അതിൽ നല്ല പങ്ക് വഹിക്കുന്നുണ്ട്. രണ്ട് കൂട്ടരും ചെയ്യുന്നത് ശരിയല്ല. ഇത്തരം നടപടികൾ അവസാനിപ്പിക്കാൻ നിങ്ങൾ തയാറാകുകയും പോലീസിനെ നിർവീര്യമാക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കുകയും ചെയ്താൽ നമ്മുടെ സംസ്ഥാനത്ത് കാര്യങ്ങൾ ഭംഗിയായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയും. ഈ വിഷയം നമ്മുടെ നിയമസഭയിൽ ചർച്ച ചെയ്യപ്പെടേണ്ടതായിരുന്നു. ഇത് ചർച്ച ചെയ്യാൻ സൗകര്യം ഉണ്ടാകാത്തതിൽ പ്രതിഷേധിച്ച് ഞങ്ങൾ ഈ വാക്കൗട്ടിൽ പങ്കുചേരുകയാണ്.

(ബഹുമാനപ്പെട്ട ടി.എം. ജേക്കബും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗവും സഭവിട്ട് പുറത്തുപോയി. ശ്രീമതി കെ.ആർ. ഗൗരി അമ്മയും അവരോടൊപ്പം പുറത്തുപോയി. അൽപ്പസമയത്തിനുള്ളിൽ പ്രതിപക്ഷാംഗങ്ങൾ സഭയിൽ വീണ്ടും ഹാജരായി).

മി. സ്പീക്കർ : ഓർഡർ ..... ഓർഡർ .....

V. ശ്രദ്ധക്ഷണിക്കൽ

(1) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രമായി റേഷൻ വിതരണം പരിമിതപ്പെടുത്താനുള്ള കേന്ദ്ര ഗവൺമെന്റിന്റെ നീക്കം

ശ്രീ. എ. കണാരൻ : സർ, റേഷൻ വിതരണം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്താനുള്ള ബി.ജെ.പി. സർക്കാരിന്റെ നീക്കത്തെ ചെറുത്തു തോൽപ്പിക്കാത്ത പക്ഷം നമ്മുടെ നാട് പട്ടിണി മരണത്തിന്റെയും തകർച്ചയുടെയും പിടിയിൽ എത്തിച്ചേരും. വളരെ ഗുരുതരമായ ഒരു പ്രശ്നമാണ് ഇവിടെ വരാൻ പോകുന്നത്. ഈ ഗുരുതരമായ സ്ഥിതിവിശേഷം നേരിടാൻ സർക്കാരിന്റെ നേതൃത്വത്തിൽ എല്ലാ പാർട്ടികളേയും ഒന്നിച്ച് അണിനിരത്താൻ ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി മുൻകൈയെടുക്കണം. ഭക്ഷ്യ ധാന്യങ്ങൾ സബ്സിഡൈസ്ഡ് റേറ്റിൽ സംസ്ഥാനങ്ങൾക്ക് നൽകുന്നത് കേന്ദ്ര സർക്കാരിന്റെ ഔദാര്യമല്ല. നാൽപ്പതു വർഷമായി ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

നിലനിൽക്കുന്ന ഒരു സംവിധാനമാണ്. കേരളത്തിലെ ജനത ഒരു പോരാട്ടത്തി ലൂടെ നേടിയെടുത്ത സംവിധാനമാണ് തകരാൻ പോകുന്നത്. നാണ്യവിളകളി ലൂടെ കോടിക്കണക്കിന് രൂപയുടെ വിദേശനാണ്യം നമ്മുടെ കേന്ദ്ര ഖജനാവി ലേയ്ക്ക് നേടിത്തരുന്ന ഒരു സംസ്ഥാനമാണ് കേരളം. ഇതിൽ ഒരു നയാപൈ സപോലും കേരളത്തിന് ലഭിക്കുന്നില്ല. ഇതിന്റെ അടിസ്ഥാനത്തിലാണ് ഭക്ഷ്യ ധാന്യത്തിന് സബ്സിഡി നൽകുന്നത്. സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം നട പ്പിലാക്കിയത് കേന്ദ്രത്തിന്റെ ഔദാര്യമല്ല. സബ്സിഡി നിർത്തലാക്കാനുള്ള ആലോചനയിൽനിന്ന് പിൻതിരിയണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യ പ്പെടണം. കേരള ജനതയുടെ മുഖ്യാഹാരം അരിയാണ്. ശക്തമായ ഒരു പൊതു വിതരണ ശൃംഖല നിലനിൽക്കുന്നതുകൊണ്ടാണ് രൂക്ഷമായ വിലക്ക യറ്റത്തിന്റേയും വറുതിയുടേയും നാളുകളിലേയ്ക്ക് കേരളത്തെ തള്ളിവിടാൻ കഴിയാതിരുന്നത്. അതുകൊണ്ട് ബി.ജെ.പി. സർക്കാർ ഈ തെറ്റായ നടപടി യിൽനിന്നും മാറണം. ഇന്ത്യാ രാജ്യത്ത് ഭക്ഷ്യ വസ്തുക്കൾക്ക് രൂക്ഷമായ വിലക്കയറ്റം അനുഭവപ്പെടുമ്പോൾ കേരളത്തിലെ വിലക്കയറ്റത്തെ പിടിച്ചു നിർത്തുന്നത് ഇവിടെ നിലവിലുള്ള പൊതു വിതരണ സമ്പ്രദായമാണ്. ഓരോ 400 കുടുംബത്തിനും ഒരു റേഷൻ കട നിലവിലുണ്ട്. 61 ലക്ഷം കുടുംബത്തിന് റേഷൻ കാർഡ് ഉണ്ട്. ഓരോ കാർഡ് ഉടമകൾക്കും അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ, പയർ, മുളക് തുടങ്ങിയ സാധനങ്ങൾ ചുരുങ്ങിയ വിലയ്ക്ക് നൽകിക്കൊണ്ടിരിക്കുന്നത് ഈ പൊതുവിതരണ ശൃംഖല വഴിയാ ണ്. ഗവൺമെന്റ് പറയുന്ന കണക്കുപ്രകാരം 1,45,000 ടൺ അരിയാണ് പൊതു വിതരണ ശൃംഖലവഴി കൊടുത്തുകൊണ്ടിരിക്കുന്നത്. മിക്ക ഗ്രാമങ്ങളിലും മാവേലിസ്റ്റോറുകളുണ്ട്. അവിടെ ന്യായവിലയ്ക്ക് സാധനങ്ങൾ വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. ഓണം, പെരുനാൾ, ക്രിസ്തുമസ് തുടങ്ങിയ ആഘോഷങ്ങളിൽ 5 കിലോ അരി വീതം സൗജന്യമായി നൽകുന്നുണ്ട്. 10 കിലോ അരി പകുതി വിലയ്ക്ക് 25,35,000 പേർക്ക് നൽകുന്നുണ്ട്. 126 കോടി രൂപയാണ് സർക്കാരിന് ചെലവ് വരുന്നത്. ഇതിന്റെ ഫലമായിട്ടാണ് ഈ വില ക്കയറ്റത്തെ നമുക്ക് പിടിച്ചു നിർത്താൻ കഴിഞ്ഞത്. ദാരിദ്ര്യരേഖയ്ക്ക് താഴെ യുള്ളവർക്കു മാത്രമായി റേഷൻ പരിമിതപ്പെടുത്തിയാൽ 45 ലക്ഷം കുടുംബ ങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കാതെ പോകും. അതിന്റെ ഫലമായി അവർ പെരുവഴിയിലേയ്ക്ക് തള്ളി വിടാവുന്ന അവസ്ഥ വരും. വെറും 15 ലക്ഷം പേർക്കു മാത്രമേ ഇതിന്റെ പ്രയോജനം ലഭിക്കുകയുള്ളു. സാധാരണ ജനങ്ങളുടെ വികാരം മനസ്സിലാക്കാൻ കഴിയാത്ത ക്രൂര മനോഭാവമുള്ള ഒരു സർക്കാരാണ് കേന്ദ്രം ഭരിക്കുന്നത്. ബി.ജെ.പി. നയത്തിന് അനുകാലമായ നിലപാടാണ് കോൺഗ്രസ് സ്വീകരിച്ചുവരുന്നത്. ബി.ജെ.പി.യുടെയും കോൺഗ്രസ്സിന്റേയും തെരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ പൊതുവിതരണ സമ്പ്രദായത്തോടു തെറ്റായ സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. ബഹുമാന പ്പെട്ട പ്രതിപക്ഷ നേതാവ്, ഈ തെറ്റായ നയം തിരുത്തിക്കാൻ പരിശ്രമിക്കണ മെന്നാണ് എനിക്ക് പറയാനുള്ളത്. ഇന്നത്തെ നമ്മുടെ പ്രതിപക്ഷ നേതാവ് കേന്ദ്ര ഭക്ഷ്യ മന്ത്രിയായപ്പോൾ പൊതുവിതരണം ദാരിദ്ര്യരേഖയ്ക്ക് താഴെയു ള്ളവർക്ക് മതിയെന്ന തീരുമാനം എടുത്തപ്പോൾ കേരളത്തിൽ അരിവില കുത്തനെ ഉയരുകയുണ്ടായി. റേഷൻ കടകൾ തുടരെ തുടരെ പൂട്ടിയിടുന്ന അവസ്ഥ വന്നു. കോൺഗ്രസ്സും ബി.ജെ.പി.യും ഒരേ നിലപാടാണ് സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. 13-ാമത് ലോക്സഭാ തെരഞ്ഞെടുപ്പിൽ അതിന്റെ ഫലം ഇവിടെ കണ്ടു. കോൺഗ്രസ് ഏറ്റവും താഴോട്ട് പോയി. 113 സീറ്റുകൾ മാത്രമേ അവർക്ക് കിട്ടിയിട്ടുള്ളൂ. ബി.ജെ.പി. അധികാരത്തിൽ വന്നെങ്കിലും 183 സീറ്റ്

LIBRARY ARCHIVES Kerala Legislative Assembly

മാത്രമേ അവർക്ക് കിട്ടിയിട്ടുള്ളൂ. 2 ശതമാനം വോട്ട് കുറഞ്ഞുപോയി. ഈ രാജ്യത്ത് തെറ്റായ ഒരു സാമ്പത്തിക നയം അനുവർത്തിച്ചതിന്റെ ഫലമായിട്ടാണ് ഇങ്ങനെ സംഭവിച്ചത്. ഏറ്റവും ശക്തമായ പൊതുവിതരണ സമ്പ്രദായം നിലനിൽക്കുന്നത് കമ്മ്യൂണിസ്റ്റ് ചൈനയിലാണെന്ന് കേൾക്കുന്നുണ്ട്. ചൈനയുടെ പാത തുടർന്നതിന്റെ ഫലമായി ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം ഉയരാതെ പിടിച്ചുനിർത്താൻ നമുക്കു കഴിഞ്ഞിട്ടുണ്ട്. 1997 ജൂൺ മാസം 1-ാം തീയതി മുതൽ പ്രതിമാസം 10 കിലോ അരി പകുതി വിലയ്ക്ക് നൽകുന്ന സമ്പ്രദായം ഇവിടെയുണ്ടായി. അതിന്റെ ഫലമായി വിലക്കയറ്റം പിടിച്ചു നിർത്താൻ ഒരു പരിധിവരെ നമുക്ക് സാധിച്ചു. അതിന് വിരുദ്ധമായിട്ടുള്ള ഒരു നയമാണ് കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്. സംസ്ഥാന നിയമസഭ ഇക്കാര്യത്തിലുള്ള പ്രതിഷേധം ഭക്ഷ്യവകുപ്പുമന്ത്രി മുൻകൈയെടുത്ത് കേന്ദ്രത്തെ അറിയിക്കാൻ നിയമസഭയുടെ ഒരു പ്രതിനിധി സംഘത്തെ അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, ഇപ്പോഴത്തെ കേന്ദ്ര ഗവൺമെന്റ് അധികാരം ഏറ്റെടുത്തതിനു ശേഷം റേഷൻ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തി സബ്സിഡിയിൽ കുറവു വരുത്താൻ ആലോചനയുള്ളതായി പല സൂചനകളും ലഭിക്കുന്നുണ്ട്. 15.1.1999-ലെ ഹിന്ദു പത്രത്തിൽ ഇതിനെപ്പറ്റി വ്യക്തമായ സൂചന നൽകിയിട്ടുണ്ട്. സംസ്ഥാന ടൂറിസം വാരാഘോഷ സമ്മേളനത്തോടനുബന്ധിച്ച് ഞാൻ ഡൽഹിയിൽ പോയ അവസരത്തിൽ ഇതിന്റെ ഭവിഷ്യത്ത് ചൂണ്ടിക്കാണിച്ചുകൊണ്ട് കേന്ദ്ര ഭക്ഷ്യ വകുപ്പു മന്ത്രിക്ക് നിവേദനം സമർപ്പിക്കുകയുണ്ടായി. 23.11.1999-ൽ കേന്ദ്ര ഭക്ഷ്യവകുപ്പു സെക്രട്ടറിയുമായി ഇക്കാര്യം വിശദമായി ചർച്ച ചെയ്യുകയുണ്ടായി. അടുത്ത ദിവസം തിരുവനന്തപുരത്തുവച്ച് കൂടിയ എം.പി.മാരുടെ സമ്മേളനത്തിലും ഇക്കാര്യം വിശദമായി ചർച്ച ചെയ്തിരുന്നു. അവർ പാർലമെന്റിൽ ഇക്കാര്യത്തെക്കുറിച്ച് സബ്മിഷൻ ഉന്നയിക്കാമെന്ന് പറഞ്ഞിട്ടുണ്ടായിരുന്നു. അതിന്റെയൊക്കെ ഫലമായി റേഷൻ സബ്സിഡി പിൻവലിക്കുകയില്ലെന്ന് കേന്ദ്ര ഭക്ഷ്യവകുപ്പുമന്ത്രി പാർലമെന്റിൽ മറുപടി നൽകിയതായി പത്രവാർത്തയുണ്ടായി. സബ്സിഡി പിൻവലിക്കുകയില്ലെന്ന് പറയുന്നത് ശരിയായിരിക്കാം. പക്ഷേ സബ്സിഡി തുക കുറച്ചാൽതന്നെ അത് നമ്മുടെ സംസ്ഥാനത്തെ ദോഷകരമായി ബാധിക്കും. പഞ്ചസാരയുടെ സബ്സിഡി എടുത്തുകളയുമെന്ന് ഏറെക്കുറെ തീരുമാനിച്ച മട്ടാണ്. അതുപോലെതന്നെ ഇന്ന് പത്രവാർത്ത വന്നു. 2002 ആകുമ്പോൾ മണ്ണെണ്ണയുടെയും ഗ്യാസിന്റെയുമൊക്കെ സബ്സിഡി എടുത്തുകളയുമെന്ന്. അടിസ്ഥാനപരമായിട്ട് ഇന്ന് കേന്ദ്ര ഗവൺമെന്റും അതുപോലെതന്നെ സാമ്പത്തിക വിദഗ്ധൻമാരും പറയുന്നത് ഈ സബ്സിഡികളാണ് രാജ്യത്തെ സകല പ്രശ്നങ്ങൾക്കും കാരണമെന്നാണ്. എല്ലാ സബ്സിഡികളും എടുത്തു കളയണം. മാർക്കറ്റിൽ മത്സരിക്കണം. വേണമെന്നുണ്ടെങ്കിൽ Poorest of the poor ബി.ജെ.പി. യുടെ പ്രകടന പത്രികയിൽ പറഞ്ഞിരിക്കുന്നതാണ്, അവർക്ക് മാത്രമായി റേഷൻ പരിമിതപ്പെടുത്തണം. സബ്സിഡിക്ക് ഒരു ഉദ്ദേശമുണ്ട്. ഒന്ന്, പാവപ്പെട്ട ആളുകൾക്ക് സാധനങ്ങൾ കിട്ടണമെന്നുള്ളതാണ്. രണ്ടാമത്തെ കാര്യം പൊതു കമ്പോളത്തിൽ ക്രമാതീതമായി വില വർദ്ധിക്കാതിരിക്കുന്നതിന്റെ മുഖ്യ കാരണം സബ്സിഡൈസ്ഡായിട്ട് പബ്ലിക് ഡിസ്ട്രിബ്യൂഷൻ നടക്കുന്നതുകൊണ്ടാണ്. ഈ രണ്ടു കാര്യങ്ങൾ വിസ്മരിച്ചിട്ട് ഇതു മുഴുവൻ എടുത്തു കളഞ്ഞുകഴിഞ്ഞാൽ തീർച്ചയായിട്ടും ഭാരതത്തി

LIBRARY ARCHIVES Kerala Legislative Assembly

ലെ, കേരളത്തിലെ തന്നെ അനേകലക്ഷം കുടുംബങ്ങൾക്ക് പ്രയാസമാകും. ഇപ്പോൾ ഈ സബ്സിഡി ഉണ്ടായിട്ടുപോലും സാമ്പത്തികശേഷി കുറഞ്ഞ പലരും റേഷൻ മുഴുവൻ വാങ്ങിക്കാത്ത സാഹചര്യം കേരളത്തിൽ നിലവിലുണ്ട് എന്നുള്ളതാണ് സത്യം. ഈ സബ്സിഡിയെക്കുറിച്ച് പറയുമ്പോൾ ഇവർ വിസ്മരിക്കുന്ന ഒരു കാര്യമുണ്ട്. സബ്സിഡി, fiscal deficit എന്നിങ്ങനെ പദപ്രയോഗം നടത്തുമ്പോൾ മനുഷ്യരെ വിസ്മരിച്ചുകൊണ്ടുള്ള വികസനങ്ങളെ സംബന്ധിച്ചാണ് സങ്കൽപ്പം മുഴുവൻ. ഭാരതീയർക്ക് അഭിമാനിക്കാവുന്ന നോബൽ സമ്മാനം കിട്ടിയ ശാസ്ത്രജ്ഞനായ ഡോ. അമർത്യാസെൻ ഈയിടെ ഒരു പുസ്തകം റിലീസ് ചെയ്തു. അദ്ദേഹം എഡിറ്റോറിയലിൽ ഒരു ചോദ്യം ചോദിക്കുന്നുണ്ട്. എല്ലാ വികസനത്തിന്റേയും ആത്യന്തിക ലക്ഷ്യം എന്താണ്? അതിന് അദ്ദേഹംതന്നെ ഉത്തരം പറയുന്നു, മനുഷ്യനാണെന്ന്. മനുഷ്യനാണെങ്കിൽ മനുഷ്യന്റെ ആദ്യത്തെ ആവശ്യം ആഹാരമാണ്. ആഹാരം ഉണ്ടായതുകൊണ്ടായില്ല. സാധാരണ മനുഷ്യർക്ക് ആഹാര സാധനങ്ങൾ വാങ്ങിക്കാൻ ക്രയശക്തിയനുസരിച്ച് ആഹാരം അവർക്ക് പ്രാപ്യമായി കൊടുക്കുക എന്നുള്ളത് വികസനം കാംഷിക്കുന്ന ഏതൊരു ഗവൺമെന്റിന്റേയും കടമയാണ്. അതെല്ലാം വിസ്മരിച്ചിട്ട് ഇപ്പോൾ പലപ്പോഴും വേൾഡ് ബാങ്കിന്റെയോ അല്ലെങ്കിൽ ഡബ്ല്യൂ.ടി.ഒ.യിലെയോ ഉദ്യോഗസ്ഥൻമാർ പറയുന്നത് ഡോ. അമർത്യാസെന്നിനെക്കാൾ വലിയ സാമ്പത്തിക വിദഗ്ദ്ധൻ എന്ന് കരുതിക്കൊണ്ടാണ് ഇത് ചെയ്യാൻ പോകുന്നത് എന്നാണ്. ഗവൺമെന്റിന്റെ മുന്നിൽ വാസ്തവത്തിൽ വളരെ ഭയാശങ്കയോടുകൂടിയാണ് ഞാൻ നിൽക്കുന്നത്. ലാ കമ്മീഷൻ പറഞ്ഞ അഭിപ്രായത്തെ അവഗണിച്ചുകൊണ്ടും പലതും പ്രൊട്ടക്ട് ചെയ്യാതെയുമാണ് പേറ്റന്റ് ബിൽ പാസ്സാക്കിയിട്ടുള്ളത്. അതുപോലെ ഇൻഷ്വറൻസ് ബിൽ വന്നപ്പോൾ സോമനാഥ് ചാറ്റർജി പോയിന്റ് ഔട്ട് ചെയ്തതാണ്. ഇവിടത്തെ റിസോഴ്സിന്റെ 25 ശതമാനംവരെ ബാങ്ക് ഓഫ് ബ്രിട്ടനിലും അവരുടെ സെക്യൂരിറ്റിയിലും നിക്ഷേപിക്കത്തക്കവണ്ണം മിനിട്ടുകൾകൊണ്ട് ബിൽ പാസ്സാക്കി. അങ്ങനെ പുത്തൻ സാമ്പത്തിക നയം എന്ന് പറഞ്ഞ് ഓരോന്ന് പോവുകയാണ്. ഇതിന്റെ ഭാഗമായിട്ടാണ് ഈ സബ്സിഡികൾ നിർത്തുന്നത്. കേന്ദ്രമന്ത്രി ഇവിടെ വ്യക്തമായി പറഞ്ഞുകഴിഞ്ഞു, മണ്ണെണ്ണയ്ക്ക് സബ്സിഡി ആവശ്യമില്ല. അപ്പോൾ പിന്നെ റേഷനിംഗ് സമ്പ്രദായമുണ്ടാകുമോ? ഞാൻ ഇതു സംബന്ധിച്ച് ഭക്ഷ്യവകുപ്പ് സെക്രട്ടറിയുമായി ചർച്ച ചെയ്തിരുന്നു. അക്കാര്യം ഇവിടെ പറയുന്നത് ശരിയല്ല. സംസ്ഥാന ഗവൺമെന്റിന് വേണമെന്നുണ്ടെങ്കിൽ ഇഷ്ടംപോലെ ചെയ്യാം. കേന്ദ്ര ഗവൺമെന്റ് ആ റെസ്പോൺസിബിലിറ്റിയിൽനിന്നും മാറുന്നതായിട്ടാണ് കാണുന്നത്. ആ വാദഗതികളൊക്കെ പരമ അബദ്ധമാണ്. പക്ഷേ അതൊന്നും ഇവിടെ പറയേണ്ടതില്ല. കൃഷിക്കാരെ സപ്പോർട്ട് ചെയ്യാൻ സപ്പോർട്ട് പ്രൈസ് കൊണ്ടുവന്നു. അതിനുശേഷം സബ്സിഡൈസ്ഡ് ചെയ്ത് മാർക്കറ്റിനെ മുഴുവൻ കൺട്രോൾ ചെയ്യതക്കവണ്ണം ഒരു ഡിസ്ട്രിബ്യൂട്ടീവ് നെറ്റ്വർക്കും ഉണ്ടായി. അതിൽ പോരായ്മകൾ ഉണ്ട്. അത് പരിഹരിക്കണം. പക്ഷേ ഇങ്ങനെ ചെയ്തുകഴിഞ്ഞാൽ നമ്മുടെ ഗവൺമെന്റ് എങ്ങനെ ഇത് സസ്റ്റെയിൻ ചെയ്തുകൊണ്ടുപോകണം, എങ്ങനെ നിലനിർത്തണം. അവർ വിചാരിക്കുന്നതുപോലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് 10 കിലോ അരിക്ക് പകരം 15 കിലോ അരി തന്നാൽപോലും നമ്മുടെ റേഷൻ കടകൾ മുഴുവൻ അടച്ചുപൂട്ടുകയാല്ലാതെ യാതൊരു മാർഗ്ഗവുമില്ല. അങ്ങനെ വലിയ ഒരു ദുഃസ്ഥിതിയിലേയ്ക്ക് നമ്മുടെ സംസ്ഥാനം പോവുകയാണ്. അവസാനമായിട്ട് ഞാൻ പറയുന്നത് നിങ്ങൾക്ക് അങ്ങനെ ചെയ്യണമെന്ന് നിർബന്ധമാണെങ്കിൽ കേരള

LIBRARY ARCHIVES Kerala Legislative Assembly

ത്തിനും വടക്കു കിഴക്കൻ സംസ്ഥാനങ്ങൾക്കും ഭക്ഷ്യധാന്യ ഉൽപ്പാദനം ഇല്ലാത്ത സംസ്ഥാനങ്ങൾക്കും ഭക്ഷ്യധാന്യം നൽകുകയെന്നുള്ളത് 1964-ൽ പണ്ഡിറ്റ് നെഹ്റു നൽകിയ ഉറപ്പുപോലെ നിങ്ങൾ ഉറപ്പു നൽകണം. അത് പരിശോധിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. എത്രത്തോളം പരിശോധിക്കുമെന്ന് അറിയില്ല. ഒരു വെല്ലുവിളിയെ നേരിടുകയാണ്. ഒരു ആൾട്ടർനേറ്റീവിനെക്കുറിച്ചും ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. എ. കണാരൻ</u> : ഈ പൊതു വിതരണം ഒരു വെല്ലുവിളിയാണെന്ന് അങ്ങ് പറയുകയുണ്ടായി. സബ്സിഡി നിർത്തലാക്കുന്നു. അല്ലെങ്കിൽ സബ്സിഡി തീരെ എടുത്തുകളയുന്നു. ഇത്തരം ഒരു സ്ഥിതിവിശേഷത്തെപ്പറ്റി ഈ സംസ്ഥാന നിയമസഭയുടെ ഏകകണ്ഠമായ അഭിപ്രായം കേന്ദ്ര ഗവൺമെന്റിനെ അറിയിക്കാൻ ഒരു പ്രതിനിധി സംഘത്തെ അയയ്ക്കാൻ അങ്ങ് തയ്യാറാകുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : ഇക്കാര്യത്തിനുവേണ്ടി നമുക്ക് ഒന്നിച്ചുപോകുന്നതിൽ സന്തോഷമേയുള്ളൂ.

(അദ്ധ്യക്ഷ വേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

(2) തെങ്ങുകളെ ബാധിച്ചിരിക്കുന്ന മണ്ഡരി രോഗം

<u>ശ്രീ. ടി.എം. ജേക്കബ്</u> : സർ, കേരളത്തിലെ കാർഷിക സമ്പദ് വ്യവസ്ഥ പാടെ തകരുന്ന അതീവഗുരുതരമായ ഒരു അവസ്ഥയിലേയ്ക്കാണ് എനിക്ക് സർക്കാരിന്റെയും, സഭയുടെയും ശ്രദ്ധ ക്ഷണിക്കാനുള്ളത്. ഇതു നമ്മുടെ മാധ്യമങ്ങളിലെല്ലാം ചർച്ച ചെയ്യപ്പെടുന്നതും, കേരളത്തിലെ ബഹുഭൂരിപക്ഷം കൃഷിക്കാരും ആശങ്കയോടുകൂടി കാണുകയും ചെയ്യുന്ന ഒന്നാണ് തെങ്ങുകളെ ബാധിച്ചിരിക്കുന്ന മണ്ഡരി രോഗം. ഇത് കേരളത്തിൽ വയനാട് ഒഴിച്ച് ബാക്കിയുള്ള എല്ലാ ജില്ലകളിലും ബാധിച്ചിരിക്കുന്നു എന്നാണ് ബന്ധപ്പെട്ട ആളുകളിൽനിന്നും മനസ്സിലാക്കാൻ സാധിച്ചത്. പക്ഷെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു കഴിഞ്ഞ പത്തു മാസം മുൻപാണ് ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടത്, ഉടനെതന്നെ നടപടി സ്വീകരിച്ചു എന്ന്. അദ്ദേഹം പഴയ കാര്യങ്ങൾ മറന്നുകൊണ്ട് സംസാരിക്കുന്നോ, അതോ ബോധപൂർവ്വം കാര്യങ്ങളിൽ നിന്ന് ഓടി ഒളിക്കുന്നോ. 1998 മാർച്ചിൽ ആദ്യമായിട്ട് ഈ സഭയിൽ മണ്ഡരി രോഗബാധയെക്കുറിച്ച് പറഞ്ഞ ആള് ഞാനാണ്. എന്റെ നിയോജക മണ്ഡലത്തിലെ മുളംതുരുത്തി ബ്ലോക്കിൽ മണ്ഡരി രോഗം ബാധിച്ചതിനെത്തുടർന്നുണ്ടായ സ്ഥിതിവിശേഷത്തെ സംബന്ധിച്ച് ഞാൻ ഇവിടെ പറഞ്ഞു. മന്ത്രിയുടെ കൂടി നിർദ്ദേശപ്രകാരം അവിടെ ഒരു കോൺഫറൻസ് നടന്നു. ആ കോൺഫറൻസ് നടന്നത് 6-4-1998-നാണ്. അതിൽ കാർഷിക സർവ്വകലാശാലകളിലെ ശാസ്ത്രജ്ഞൻമാരും മറ്റു ഉദ്യോഗസ്ഥൻമാരും പങ്കെടുത്തു. അന്ന് അവർ പറഞ്ഞത് ഇത് വായുവിൽ കൂടിയാണ് സ്പ്രെഡ് ചെയ്യുന്നത് ഇതിന് എന്തെങ്കിലും ഫലപ്രദമായ നടപടി സ്വീകരിച്ചില്ലെങ്കിൽ വളരെ പെട്ടെന്ന് ഇത് കേരളം മുഴുവൻ വ്യാപിക്കുമെന്ന്. ഇന്ന് ഈ വിഷയം ഇവിടെ സംസാരിക്കുമ്പോഴും കഴിഞ്ഞ രണ്ടുമൂന്നു മാസമായി ഇതിനെക്കുറിച്ച് മന്ത്രി നടത്തിയിരുന്ന പ്രസ്താവനകൾ വായിക്കുമ്പോഴും എന്തെങ്കിലും ഗൗരവം ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ കൊടുത്തിട്ടുണ്ടോ? അത് ഈ സഭയിൽ വെളിപ്പെടുത്തണം. ഇപ്പോൾ സംസ്ഥാനത്തെ രണ്ടേകാൽ കോടി തെങ്ങുകളെ ഈ രോഗം ബാധിച്ചിട്ടുണ്ട് എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഈ

LIBRARY ARCHIVES Kerala Legislative Assembly